ഉത്തരം

ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം 31-5-1985 വരെ ഓരോ മന്ത്രിക്കും ഓരോ മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിലെ ഉദ്യോഗസ്ഥൻ മാർക്കും ടെലഫോൺ ചാർജിനത്തിൽ ചെലവായ തുക നക്ഷത്രചിഹ്നമിടാത്ത 6-ാം നമ്പർ ചോദ്യത്തിന് 1-7-1985-ൽ മറുപടി നല്കിയിട്ടുണ്ട്. 1-2-1985 മുതൽ 28-2-1986 വരെ ടെലഫോൺ ചാർജിനത്തിൽ ചെലവായ തുകയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

മന്ത്രിമാരും കുടുംബാംഗങ്ങളും വാങ്ങിയ മെഡിക്കൽ ആനുകൂല്യം

10 [12] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ ഓരോ മന്ത്രിയും മന്ത്രിയുടെ കുടുംബാംഗങ്ങളും മെഡിക്കൽ ആനുകൂല്യ ഇനത്തിൽ ഖജനാവിൽ നിന്ന് വാങ്ങിയ സംഖ്യ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ അധികാരത്തിലുള്ള ഓരോ മന്ത്രിക്കും മന്ത്രിയുടെ കുടുംബാംഗങ്ങൾക്കും വേണ്ടി മെഡിക്കൽ ആനുകൂല്യ ഇനത്തിൽ ഖജനാവിൽനിന്നും വാങ്ങിയ തുകയുടെ കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്. ‡

കേരളത്തിലെ ഐ. എ. എസ്. കേഡറിലുള്ള ഉദ്യോഗസ്ഥൻമാർ

11 [15] ശ്രീ. തച്ചടി പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഐ. എ. എസ്. കേഡറിലുള്ള എത്ര ഉദ്യോഗസ്ഥൻമാർ ഇന്ന് നിലവിലുണ്ട് ;

(ബി) കേരളത്തിൽ ഐ. പി. എസ്. കേഡറിൽ എത്ര ഉദ്യോഗസ്ഥൻമാർ നിലവിലുണ്ട് ;

(സി) അന്യ സംസ്ഥാനങ്ങളിൽ അലോട്ട് ചെയ്തിരുന്നതിൽ കേരളത്തിലേക്ക് അലോട്ട് ചെയ്തിട്ടുള്ള എത്ര പേരവരിലുണ്ട് ;

(ഡി) ഒരു നിശ്ചിതകാലയളവ് കഴിഞ്ഞാൽ സ്വന്തം സംസ്ഥാനത്തേക്ക് വരുവാൻ താൽപര്യമുള്ളവരെ അലോട്ടുചെയ്യുവാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുവാനുള്ള നടപടികൾ സ്വീകരിക്കാമോ ?

ഉത്തരം

(എ) 145

(ബി) 83

(സി) ഐ. എ. എസ്. 2, ഐ. പി. എസ്. 1

† അനുബന്ധം—II

‡ അനുബന്ധം—III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 10 (12) കാണുക

1.	ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രി	—	ഇല്ല
2.	ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഉപമുഖ്യമന്ത്രി	—	3,065.55 രൂപ
3.	ശ്രീ. ഇ. അഹമ്മദ് വ്യവസായ വകുപ്പുമന്ത്രി	—	ഇല്ല
4.	ശ്രീ. സി. സുന്ദരൻ നാടാർ ഗതാഗത വകുപ്പുമന്ത്രി	—	ഇല്ല
5.	ശ്രീ. യു. എ. ബീരാൻ ഭക്ഷ്യവകുപ്പുമന്ത്രി	—	17,787.55 രൂപ
6.	ശ്രീ. എ. എൽ. ജേക്കബ് കൃഷി വകുപ്പുമന്ത്രി	—	4,165.15 രൂപ
7.	ശ്രീ. ടി. എം. ജേക്കബ് വിദ്യാഭ്യാസ വകുപ്പുമന്ത്രി	—	ഇല്ല
8.	ശ്രീ. പി. ജെ. ജോസഫ് റവന്യൂ വകുപ്പുമന്ത്രി	—	ഇല്ല
9.	ശ്രീമതി എം. കമലം സഹകരണ വകുപ്പുമന്ത്രി	—	2,166.75 രൂപ
10.	ശ്രീ. കെ. എം. മാണി ധനകാര്യവകുപ്പുമന്ത്രി	—	853.20 രൂപ
11.	ശ്രീ. കെ. പി. നൂറുദ്ദീൻ വനം വകുപ്പുമന്ത്രി	—	881.25 രൂപ
12.	ശ്രീ. പി. കെ. വേലായുധൻ സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി	—	22,335.75 രൂപ
13.	ശ്രീ. കെ. ശിവദാസൻ തൊഴിൽ വകുപ്പുമന്ത്രി	—	ഇല്ല
14.	ശ്രീ. എൻ. ശ്രീനിവാസൻ എക്സൈസ് വകുപ്പുമന്ത്രി	—	7,934.15 രൂപ
15.	ശ്രീ. സി. എം. സുന്ദരം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി	—	ഇല്ല
16.	ശ്രീ. വയലാർ രവി ആഭ്യന്തരവകുപ്പുമന്ത്രി	—	ഇല്ല
17.	ശ്രീ. എംപി. ഗംഗാധരൻ ജലസേചന വകുപ്പുമന്ത്രി	—	ഇല്ല

LIBRARY ARCHIVES Kerala Legislative Assembly